**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4182** **18-07-2022 - ൽ മറുപടിയ്ക്ക്**

**ലോട്ടറി മേഖലയ്ക്ക് കരുത്ത് പകരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അയ്യായിരം രൂപ മുതൽ താഴേക്കുള്ള സമ്മാനങ്ങളുടെ എണ്ണം കുറവായതിനാൽ ജനങ്ങൾ ലോട്ടറി വാങ്ങുന്നത് കുറയുകയും തന്മൂലം കച്ചവടക്കാരുടെ പക്കൽ ലോട്ടറി ബാക്കിയാവുകയും ചെയ്യുന്നതിനാൽ ചെറുകിട ലോട്ടറി കച്ചവടക്കാർക്ക് വലിയ നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലോട്ടറി നറുക്കെടുപ്പ് നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2005-ലെ പേപ്പർ ലോട്ടറി റെഗുലേഷൻ ചട്ടങ്ങളിലെ ചട്ടം 8 & 2008-ലെ പേപ്പർ ലോട്ടറി റെഗുലേഷൻ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 8 എന്നിവ പ്രകാരം ഭാഗ്യക്കുറി നറുക്കെടുപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>1) സർക്കാർ നിശ്ചയിക്കുന്ന ഏതെങ്കിലും സ്ഥലത്തുവച്ച് നറുക്കെടുപ്പ് നടത്താവു- ന്നതാണ്. നിലവിൽ നറുക്കെടുപ്പുകൾ തിരുവനന്തപുരത്ത് വച്ചാണ് നടത്തി വരുന്നത്.<br><br>2) നറുക്കെടുപ്പ് നടപടിക്രമം രാവിലെ 10.30 മുതൽ വൈകുന്നേരം 5.30 വരെയുള്ള സമയത്തിനകത്ത് പൂർത്തിയാക്കുന്നതാണ്.<br><br>3) സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന പ്രശസ്തരും പ്രമുഖരുമായ വ്യക്തികൾ ഉൾപ്പെട്ട ജൂറിയാണ് നറുക്കെടുപ്പ് നിയന്ത്രിക്കുന്നത്. ജൂറി പാനലിൽ ഒരാളെ ചെയർമാനായി നിയോഗിക്കും. നറുക്കെടുപ്പ് നടത്തുന്നതിനുള്ള ജഡ്ജിമാരുടെ പാനലിന്റെ ക്വാറം പരമാവധി ഏഴും ഏറ്റവും കുറഞ്ഞത് മൂന്നുമാണ്. ആകസ്മികമായ സാഹചര്യത്തിൽ മൂന്നുപേരുടെ ക്വാറം തികയാതെ വന്നാൽ പ്രേക്ഷകരിൽ നിന്നും |

| | | | |
|---|---|---|---|
| | | | അനുയോജ്യരായ വ്യക്തികളെ ഡയറക്ടർക്കോ ഡയറക്ടർ അധികാര പ്പെടുത്തിയ ഉദ്യോഗസ്ഥനോ പാനൽ അംഗങ്ങളായി നിയോഗിക്കാവുന്നതാണ്. ഒഴിവാക്കാൻ കഴിയാത്ത കാരണങ്ങളാൽ നേരത്തെ നിയോഗിക്കുന്ന ചെയർമാന് നറുക്കെടുപ്പിന് ഹാജരാകാൻ സാധിക്കാതെ വന്നാൽ പാനൽ അംഗങ്ങൾ അവരിൽ ഒരാളെ ചെയർമാനായി തെരഞ്ഞെടുക്കും. നറുക്കെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ജഡ്ജിംഗ് പാനലിന്റെ ഭൂരിപക്ഷ തീരുമാനം അന്തിമമായിരിക്കും.<br><br>4) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ് നറുക്കെടുപ്പ് നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത്. എന്നിരുന്നാലും നറുക്കെടുപ്പ് നിയന്ത്രിക്കാനും മേൽനോട്ടം വഹിക്കുവാനും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ഡയറക്ടർക്ക് ചുമതലപ്പെടുത്താവുന്നതാണ്.<br><br>5) നറുക്കെടുപ്പ് നടത്തുന്നതിന്റെ ഉത്തരവാദിത്തം ഭാഗ്യക്കുറി ഡയറക്ടറിൽ/ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ടി ഉദ്യോഗസ്ഥൻ നറുക്കെടുപ്പ് ഫലം പ്രഖ്യാപിക്കുകയും നറുക്കെടുപ്പ് നടന്നതിന്റെ തൊട്ടടുത്ത ദിവസം മൂന്നോ നാലോ പ്രമുഖ ദിനപത്രങ്ങളിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്യും.<br><br>6) സാധുവായ കാരണങ്ങളാൽ, സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നറുക്കെടുപ്പ് തീയതി മാറ്റി നിശ്ചയിക്കാവുന്നതാണ്. മാറ്റിവച്ച നറുക്കെടുപ്പ് തീയതി ദൃശ്യ/പത്ര മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കുന്നു. |
| (സി) | ലോട്ടറി നറുക്കെടുപ്പ് ദിവസങ്ങളിൽ ഹർത്താലോ പണിമുടക്കോ ഉണ്ടാകുന്ന പക്ഷം അത് ഏജൻസികളിൽ നിന്നും ടിക്കറ്റ് വാങ്ങി കച്ചവടം ചെയ്യുന്നവരെ സാരമായി ബാധിക്കും എന്നതിനാൽ പ്രസ്തുത ദിവസങ്ങളിലെ നറുക്കെടുപ്പ് മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | എല്ലാ ജില്ലകളെയും എല്ലാ മേഖലകളെയും ബാധിക്കുന്ന ഹർത്താൽ/ പണിമുടക്ക് ദിവസങ്ങളിലെ നറുക്കെടുപ്പുകൾ നിലവിൽത്തന്നെ മാറ്റിവയ്ക്കാറുണ്ട്. |
| (ഡി) | ലോട്ടറി വില വർദ്ധിപ്പിക്കാതെയും കൂടുതൽ സമ്മാനങ്ങൾ പ്രഖ്യാപിച്ചും ഈ മേഖലയ്ക്ക് കരുത്ത് പകരുന്ന നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | പരമാവധി സമ്മാനങ്ങൾ ലഭ്യമാകുന്ന തരത്തിലാണ് നിലവിൽ ഭാഗ്യക്കുറിയുടെ സമ്മാന ഘടന തയ്യാറാക്കിയിട്ടുള്ളത്. ആകെ വിറ്റുവരവിന്റെ 60 ശതമാനത്തോളം തുകയാണ് സമ്മാനവിതരണത്തിനായി മാറ്റി വച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ